LIBRARY ARCHIVES Kerala Legislative Assembly

## ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മാണം

149 [1382] ശ്രീ. വി. സി. കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം-മായന്നൂർ പാലം നിർമ്മിക്കുന്നതിന് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇതിന്റെ നിർമ്മാണത്തിന് കൺക്ട്രക്ഷൻ കോർപ്പറേഷന് എത്ര തുക കൈമാറിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ പാലത്തിന്റെ നിർമ്മാണച്ചെലവ് എത്രയാണ് എന്നറിയിക്കുമോ;

(ഡി) ഈ പാലത്തിനോടനുബന്ധിച്ച് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്നതിന് കെട്ടിവച്ച തുക എത്രയെന്ന് പറയാമോ;

(ഇ) ഈ പാലത്തിന്റെ പണി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 499 ലക്ഷം രൂപ.

(സി) 2188 ലക്ഷം രൂപ.

(ഡി) 7.80 ലക്ഷം രൂപ.

(ഇ) 31-12-2004-ൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

## താനൂർ-തിരൂർ പി. ഡബ്ല്യു. ഡി. റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച നടപടികൾ

150 [1383] ശ്രീ. പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ-തിരൂർ പി. ഡബ്ല്യു. ഡി. റോഡിലെ ദേവധ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ നിർമ്മാണം എത്രയും വേഗം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?